കൗൺസിലിന്റെ വൈസ് പ്രസിഡന്റ് ശ്രീ. വി. ജി. ഗോവിന്ദൻ നായർ, തമ്പാനൂർ രവി തുടങ്ങി സ്പോർട്സ് കൗൺസിലുമായി ബന്ധപ്പെട്ടവരും) ഈ വിഷയത്തെപ്പറ്റി സംസാരിക്കുകയുണ്ടായി. അവർ യൂണിവേഴ്സിറ്റി വൈസ് ചാൻസിലറെ കണ്ട് സംസാരിച്ചു എന്ന് പറഞ്ഞു. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയുമായി ഞാൻ ഇതേക്കുറിച്ച് സംസാരിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇതോടുകൂടി സ്ഥലത്തിന്റെ പ്രശ്നത്തിന് പരിഹാരമുണ്ടാകും എന്നാണ് പ്രതീക്ഷിക്കുന്നത്. സ്ഥലത്തിന്റെ പ്രശ്നത്തിന് പരിഹാരം ഉണ്ടായിക്കഴിഞ്ഞാൽ തീർച്ചയായും കാര്യവട്ടത്ത് സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(2) കെൽട്രോൺ ചെയർമാൻ സ്ഥാനത്തേക്കുള്ള നിയമനം

ശ്രീ. ഇ. കെ. നായനാർ: സർ, ചില സംശയാസ്പദമായ കാര്യങ്ങൾക്ക് വിശദീകരണം കിട്ടാൻവേണ്ടിയാണ് ഞാൻ പ്രധാനമായും ചില കാര്യങ്ങളും ഉന്നയിക്കുന്നത്. ചില പൊതുമേഖലാ സ്ഥാപനങ്ങളിൽ— കേരളത്തിൽ പൊതുമേഖലാ സ്ഥാപനങ്ങളും പലതുണ്ടെങ്കിലും ഞാൻ പ്രധാനമായും ഉന്നയിക്കാൻപോകുന്നത് കെൽട്രോണിന്റെ കാര്യമാണ്. മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകളും എന്റെ പക്കലുണ്ട്. ആഗസ്റ്റ് 17-ാം തീയതിയിലെ മലയാളം എക്സ്പ്രസ്, ഫൈനാൻഷ്യൽ എക്സ്പ്രസ്, ആഗസ്റ്റ് 20-ാംതീയതിയിലെ എക്കണോമിക് ടൈംസ്, അതുപോലെതന്നെ ഇന്നത്തെ മാതൃഭൂമി തുടങ്ങിയ പ്രധാനപ്പെട്ട പത്രങ്ങളിൽ വന്ന റിപ്പോർട്ടുകളിൽ കെൽട്രോണിൽ ഒരു പുതിയ ചെയർമാനെ കൊണ്ടുവരാൻ പോകുന്നു എന്നോ, കൊണ്ടുവന്നുവെന്നോ ഒക്കെ വാർത്തയുണ്ട്. ആ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് ഞാൻ സംശയാസ്പദമെന്നു പറഞ്ഞത്. ആറു മാസമായി കെൽട്രോണിൽ ചെയർമാൻ ഇല്ല. അങ്ങനെ, കഴിഞ്ഞ ഫെബ്രുവരിക്കുശേഷം ചെയർമാൻ ഇല്ലാതെ പ്രവർത്തനം നടക്കുകയാണ്. എന്നാൽ ഇപ്പോൾ ജാവേദ് ഹസ്സൻ എന്നു പേരുള്ള ഒരാളെ അമേരിക്കയിൽനിന്ന് കൊണ്ടുവരുന്നു. അദ്ദേഹം ഇന്റർനാഷണൽ ബിസിനസ് മെഷീൻസ് (ഐ. ബി. എം.) യു എസ്. എ.യിൽ ഫുൾടൈമർ ആണ്. ഇവിടെ മൂന്നു കൊല്ലത്തെ കോൺട്രാക്ടിലാണ് വരുന്നത്. ശ്രീ. ജാവേദ് ഹസ്സനെ കെൽട്രോണിൽ ഫുൾടൈം എക്സിക്യൂട്ടീവ് ചെയർമാൻ ആക്കുകയാണ്. അദ്ദേഹം പാകിസ്ഥാനിൽ ഒരു ഉദ്യോഗം സ്വീകരിക്കാൻ പോകുകയായിരുന്നു. ബഹുമാനപ്പെട്ട മന്ത്രി അദ്ദേഹത്തെ സമീപിച്ച് അദ്ദേഹത്തെ ഇങ്ങോട്ട് ക്ഷണിച്ചു. അദ്ദേഹം പാകിസ്ഥാനിൽ ഉദ്യോഗം സ്വീകരിച്ച് അവിടെ നല്ല പ്രവർത്തനം നടത്തുമായിരുന്നു. പക്ഷേ അദ്ദേഹത്തെ സ്വീകരിച്ച് ഇങ്ങോട്ടു കൊണ്ടുവരികയാണ് ചെയ്തിട്ടുള്ളത്. അത് ഇവിടത്തെ പ്രേരണകൊണ്ടാണ്. 16,000 രൂപയാണ് അദ്ദേഹത്തിന് അവിടെ കിട്ടുന്നത് എന്നറിയുന്നു. ഇവിടെ 10,000 രൂപ ശമ്പളവും 5000 രൂപ അലവൻസും പിന്നെ മറ്റു സൗകര്യങ്ങളും എല്ലാംകൂടി ചെലവ് 16,000-ത്തിലധികം വരുന്നു. ഇവിടത്തെ ചീഫ് സെക്രട്ടറിക്ക് നാലായിരം രൂപയ്ക്കു താഴെ മാത്രമേയുള്ളു ശമ്പളം. ഇതിപ്പോൾ അതിനേക്കാൾ അധികം വരും. തരക്കേടൊന്നുമില്ല. പണം കൊടുത്ത് ഒരു പ്രമാണിയെ നമുക്കു കിട്ടുകയാണെങ്കിൽ ഇന്ധിരയിൽ ശ്രീ. എം. ജി. കെ. മേനോനെ പോലുള്ള ഒരാളെ കിട്ടുകയാണെങ്കിൽ, പതിനായിരമല്ല ഇരുപതിനായിരം കൊടുത്താലും നമുക്ക് അത് നഷ്ടമല്ല. ഇപ്പോഴത്തെ നിയമനം അതാണോ എന്നുള്ളതാണ് പ്രശ്നം. മെക്കാനിക്കൽ എഞ്ചിനീയറാണ് ഇദ്ദേഹം. ഇദ്ദേഹത്തേക്കാൾ 20 കൊല്ലം സീനിയറായി ട്രെയിൻ ചെയ്ത

LIBRARY ARCHIVES Kerala Legislative Assembly

മൂന്ന് ആളുകളം അവിടെ കെൽട്രോണിൽ ഉണ്ട്. ശ്രീ. സീതാരാമൻ, ശ്രീ. ഭക്തർ തുടങ്ങി മൂന്നുപേർ. അവരേക്കാളം ജൂനിയറാണ് ഇവിടെ വരുന്ന ഇദ്ദേഹം. ഇദ്ദേഹത്തിനാണ് പതിനായിരം രൂപ ശമ്പളം ഇപ്പോൾ നിശ്ചയിച്ചിരിക്കുന്നത്. ഇത് ഞാൻ പറയാൻ കാരണം ഇദ്ദേഹത്തിന് കമ്പനിയും ബിസിനസ്സും അവിടെയുണ്ട്. അവിടത്തെ ചരക്കിന് ഇവിടത്തെ കെൽട്രോണുമായി കോൺട്രാക്ട് ഉണ്ടായിക്കഴിഞ്ഞു. അതുതന്നെ മൂന്നുകൊല്ലത്തേക്കുള്ള കോൺട്രാക്ട് ഉള്ളൂ. ആ കമ്പനിയുടെ ചരക്ക് ഇവിടത്തെ കെൽട്രോൺ വാങ്ങുക എന്നതും ഇദ്ദേഹത്തിന്റെ താല്പര്യമാണ്. മൂന്നുകൊല്ലംകൊണ്ട് ഇവിടത്തെ കെൽട്രോൺ വികസിപ്പിക്കുമത്രെ! കോൺട്രാക്ട് ഉണ്ടാക്കിയതുകഴിഞ്ഞാൽ ഇദ്ദേഹം പോകും. ഇദ്ദേഹത്തിന്റെ സീനിയറായ ആളുകൾ ഇപ്പോൾ കെൽട്രോണിൽ ഉണ്ട്. അവരുടെ പേസ്റ്റ് എന്താണ്? ഇലക്ട്രോണിക് വിദഗ്ദ്ധൻമാരാണ് ഈ മൂന്നുപേരും. ആഗസ്റ്റ് 20-ാംതീയതിയിലെ ഹിന്ദുവിൽ. "..... Mr. Hassan, other points raised against the selection are that an Indian who was willing to serve Pakistan should be considered suspect on security grounds." എന്നു പറയുന്നത് ശരിയോ തെറ്റോ എന്ന് എനിക്കറിയില്ല. ഈ സെക്യൂരിറ്റി ഗ്രൗണ്ട്സിൽ ഇൻഡ്യാ ഗവൺമെന്റിന്റെ സെക്യൂരിറ്റി സസ്പെക്റ്റഡ് ആണോ അല്ലയോ എന്ന് എങ്ങനെ സംശയിക്കാതിരിക്കുമെന്നാണ്. ആർക്കിൻ ബ്രദേഴ്സ്—നമ്മുടെ വടക്കാഞ്ചേരിക്കാരനായ കുമർ നാരായണൻ ഇപ്പോൾ ജയിലിലാണ്. ജയിലിൽ കിടക്കുകയാണ്. നമ്മുടെ പ്രൈമിനിസ്റ്ററുടെ സെക്രട്ടേറിയറ്റ് സ്റ്റാഫിലെ ഒന്ന ആളൊഴികെ—അലക്സാണ്ടർ ഒഴികെ—ബാക്കിയൊക്കെ മറേതാണ്? ഇത് ഒരു ആം ഇൻഡ്യാ പേപ്പറാണ്. നമുക്ക് വിശദീകരണം കിട്ടണം, ആ അടിസ്ഥാനത്തിൽ മുഖ്യമന്ത്രി പറയണം. സെക്യൂരിറ്റി ഗ്രൗണ്ടിൽ ശരിയോ തെറ്റോ എന്നു പറയണം. പണത്തിന് നിങ്ങൾ എന്തുവേണമെങ്കിലും ചെയ്തോളൂ. ഇൻഡ്യൻ സെക്യൂരിറ്റി ഗ്രൗണ്ടിൽ, ഇൻഡ്യാ—പാകിസ്ഥാൻ ആന്റ് യു.എസ്.എ. ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇത് ശരിയാണോ? അദ്ദേഹത്തിന്റെ കമ്പനി ഇവിടെ മൂന്ന് കൊല്ലത്തെ കരാർ ഉണ്ടാക്കി. ആ ചരക്കാണ് കെൽട്രോൺ വാങ്ങുന്നത്. മുഖ്യമന്ത്രി അതേക്കുറിച്ച് പറയണം. മുഖ്യമന്ത്രിക്ക് ഫയൽ പോയിട്ടുണ്ട്. മുഖ്യമന്ത്രി അതിന് എന്തു നടപടി സ്വീകരിച്ചു? അതോ അവസരവാദത്തിനുവേണ്ടി കുത്തിയിരിക്കുകയാണോ? അതുകൊണ്ട് ഇത്തരത്തിൽ നിയമനം നടത്തുന്നതിനെ സംബന്ധിച്ച് വിശദീകരണം വേണം; മാത്രമല്ല; ഈ പത്രറിപ്പോർട്ടുകൾ എത്രകണ്ട് സത്യമാണ്, അസത്യമാണ് എന്നുള്ളതിനെക്കുറിച്ചും പറയണം. ഇത് ആഗസ്റ്റ് 20-ാംതീയതി വന്നതാണ്. ഇന്ന് സെപ്തംബർ 3 ആണ്. 10 ദിവസം കഴിഞ്ഞു എന്നിട്ട് ഇതിന്റെ നിഷേധം വന്നില്ല. സെക്യൂരിറ്റി ഗ്രൗണ്ടിൽ പാകിസ്ഥാനിൽ ഉദ്യോഗം സ്വീകരിച്ച ഒരാൾ ഇവിടെ കച്ചവടത്തിനുവേണ്ടി കോൺട്രാക്ട് ഉണ്ടാക്കുന്നു. അമേരിക്കയുമായിട്ടും പാകിസ്ഥാനുമായിട്ടും ഇത്തരത്തിലുള്ള റിലേഷൻസും ഇൻഡ്യയുടെ സെക്യൂരിറ്റി റിലേഷൻസും നമുക്ക് നല്ലപോലെ അറിയാവുന്നതാണ്. ഇതിനെ സംബന്ധിച്ചും പറയണം. ഇത്തരത്തിൽ ശ്രീ. അഹമ്മദ് അതിന് മുൻകൈ എടുത്തിട്ടുണ്ടെങ്കിൽ അത് എങ്ങനെ ചെയ്തു എന്ന് പറയണം. എന്താണ് വിശദീകരണം എന്നുള്ളത് ഞങ്ങളെ ബോദ്ധ്യപ്പെടുത്തണം.

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ശ്രീ. ഇ. കെ. നായനാർ ഇവിടെ പ്രശ്നം ഉന്നയിച്ചപ്പോൾ വിശദീകരണത്തിന് എനിക്ക് അവസരം കിട്ടിയതിൽ സന്തോഷമുണ്ട്. ഇൻഡ്യയുടെ സെക്യൂരിറ്റിയെ

LIBRARY ARCHIVES Kerala Legislative Assembly

പ്പറ്റി താല്പര്യമുള്ള ഒരേ ഒരാൾ ശ്രീ. നായനാർ മാത്രമേയുള്ളു എന്ന് അദ്ദേഹം വിചാരിക്കുന്നുണ്ടെങ്കിൽ അത് ശരിയല്ലെന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ. ഇവിടെ നിരവധി പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. കെൽട്രോണിന്റെ ചെയർമാനായിരുന്ന ശ്രീ. കെ. പി. പി. നമ്പ്യാർ ഐ. ടി. ഐ. യുടെ ചെയർമാനായി പോയിക്കഴിഞ്ഞപ്പോൾ, അവിടെ കാണാനിടയായ പല പോരായ്മകളും അവസാനിപ്പിക്കുവാനും ഭാവിയിൽ ഈ സ്ഥാപനത്തെ ഇൻഡ്യയിലെ ഇലക്ട്രോണിക് വ്യവസായത്തിന്റെ മുൻപന്തിയിൽ നിലനിർത്തുന്നതിനും പറ്റിയ ഒരു ചെയർമാനെ കണ്ടുപിടിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ വിവിധ പേരുകൾ നിർദ്ദേശിക്കപ്പെട്ടു. ആ പേരുകളിൽ ഒന്ന് ജാവേദ് ഹസ്സൻ എന്നുപറയുന്ന മലയാളിയുടേതാണ്. അദ്ദേഹം അമേരിക്കയിൽ ഐ. ബി. എം. കമ്പനിയിൽ ഉന്നതമായ ഉദ്യോഗം വഹിക്കുന്ന ആളാണ്. പ്രസ്തുത സ്ഥാപനത്തിന്റെ പ്രസിഡൻറും വൈസ് പ്രസിഡൻറും കഴിഞ്ഞാൽ ഉള്ള ഏറ്റവും വലിയ ഒരു ഉദ്യോഗത്തിലാണ് അദ്ദേഹം ഇപ്പോൾ. ഇവിടെനിന്നും എൻജിനീയറിംഗ് ബിരുദം നേടിയ ശേഷം അമേരിക്കയിലെ ബ്രിഡ്ജ് പോർട്ട് എന്ന യൂണിവേഴ്സിറ്റിയിൽ നിന്നും അദ്ദേഹം ഉന്നത ബിരുദം നേടിയിരുന്നു. ഐ.ബി.എം. കമ്പനിയിൽ അദ്ദേഹത്തിന്റെ പത്തുപതിനേഴ് കൊല്ലക്കാലത്തെ പ്രവർത്തനത്തിനിടയിൽ അദ്ദേഹത്തിന്റെ സ്വന്തമായിട്ടുള്ള 13 ഇന്നവേഷൻസ് അദ്ദേഹത്തിന്റെ പേരിൽ പേറ്റൻറായിട്ട് രജിസ്റ്റർ ചെയ്തു. ഇൻഡ്യക്കാരനായ അമേരിക്കയിലെ ഏറ്റവും വലിയ ഒരു ശാസ്ത്രജ്ഞനാണ് അദ്ദേഹം എന്ന് അംഗീകരിക്കപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തെ കൊണ്ടുവരണമെന്ന് എന്നോട് വ്യക്തിപരമായി പറഞ്ഞത് ഇൻഡ്യൻ ഇലക്ട്രോണിക് കമ്മീഷന്റെ ചെയർമാനും മുൻ മന്ത്രിയുമായ ഡോ. സഞ്ജീവ റാവുവാണ്. അതിൻപ്രകാരം അദ്ദേഹത്തെ കിട്ടുമോയെന്നുനോക്കി. അദ്ദേഹം ഇതുവരെ അതിനു സമ്മതം നൽകിയിട്ടില്ല.

അതേയവസരത്തിൽ എനിക്കുപറയുവാനുള്ളത് ശ്രീ. നായനാർ വിചാരിക്കേണ്ട, ഇവിടെനിന്ന് ആരെയെങ്കിലും അമേരിക്കയിൽ അയച്ച ഏതെങ്കിലും ആളിനെ വരുത്തുകയാണ് എന്ന്. അദ്ദേഹം വിദേശത്ത് ജോലിയെടുക്കുന്നതുകൊണ്ട് പല ക്ലിയറൻസുകളും വേണം. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് ഇൻഡ്യാ ഗവൺമെൻറിൽനിന്ന്, സെക്യൂരിറ്റി പോയിൻറ് ഓഫ് വ്യൂവിൽ കിട്ടേണ്ട ക്ലിയറൻസാണ്. അദ്ദേഹത്തിന്റെ കാര്യം കേരള സർക്കാർ പരിഗണിക്കുന്നതിന് മുൻപുതന്നെ ഇൻഡ്യാഗവൺമെൻറുമായി ചർച്ച നടത്തി. അദ്ദേഹത്തെ കൊണ്ടുവരുന്നതിന് സെക്യൂരിറ്റിപരമായി യാതൊരു തടസ്സവുമില്ലെന്ന് ഇൻഡ്യാ ഗവൺമെൻറ് സംസ്ഥാന ഗവൺമെൻറിനെ രേഖാമൂലം അറിയിക്കുകയുംചെയ്തു. അദ്ദേഹത്തെപോലെ പ്രഗൽഭനായ ഒരു ശാസ്ത്രജ്ഞന് ചിലർ കാണുന്ന ചില ഡിസ്ക്വാളിഫിക്കേഷൻസ് ഉണ്ട്. അത് എന്താണെന്ന് ഞാൻ പറയുന്നില്ല. അതിന്റെ അടിസ്ഥാനത്തിൽ നിർഭാഗ്യവശാൽ ചില പത്രപംക്തികളിൽ ചില റിപ്പോർട്ടുകൾ പ്രത്യക്ഷപ്പെട്ടതിൽ എനിക്ക് ഖേദമുണ്ട്. അങ്ങനെ ഇനിയും റിപ്പോർട്ടുകൾ വരുത്താൻവേണ്ടി തല്പരകക്ഷികൾ ശ്രമിക്കുന്നുണ്ട് എന്ന് എനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

സർ, ഹസ്സൻ ഇതുവരെയും ഓഫർ സ്വീകരിച്ചിട്ടില്ല. അദ്ദേഹം ഐ. ബി. എം.-ലെ ഉന്നതനായ ഒരു ഉദ്യോഗസ്ഥനാണ്. അദ്ദേഹത്തിന് വല്ലതും ഓഫർ ചെയ്തിട്ടുണ്ടെങ്കിൽ സംസ്ഥാന ഗവൺമെൻറോ കേന്ദ്രഗവൺമെൻറോ അംഗീകരിച്ചത് മാത്രമാണ്. ബഹുമാനപ്പെട്ട നായനാർ പറഞ്ഞു, ചീഫ് സെക്രട്ടറിയേക്കാൾ ശമ്പളം അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

നൽകാൻ പരിപാടിയുണ്ട് എന്ന്. ഞാൻ ചോദിക്കട്ടെ, കെ. പി. പി. നമ്പ്യാർ ചെയർമാനായിരുന്നപ്പോൾ ചീഫ് സെക്രട്ടറിയെക്കാൾ കൂടുതൽ ശമ്പളം അദ്ദേഹം വാങ്ങിയിരുന്നില്ലേ? അദ്ദേഹത്തിന് ചീഫ് എക്സിക്യൂട്ടീവിന്റെ പല സൗകര്യങ്ങളും നൽകിയിരുന്നില്ലേ? അമേരിക്കയിലെ ഇൻഡ്യക്കാരനായ ഒരു ശാസ്ത്രജ്ഞനെ ഇവിടെ കൊണ്ടുവരണമെന്ന് കേന്ദ്രഗവൺമെന്റിന്റെ ഇലക്ട്രോണിക് കമ്മീഷന്റെ ചെയർമാൻപോലും പറയുകയും സെക്യൂരിറ്റി പോയിന്റ് ഓഫ് വ്യൂവിൽ അദ്ദേഹത്തെ കൊണ്ടുവരാമെന്ന് ഇൻഡ്യാ ഗവൺമെന്റ് ക്ലിയറൻസ് തരുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും അദ്ദേഹം സമ്മതിച്ചുകഴിഞ്ഞ് വല്ല ക്ലിയറൻസും കൂടുതൽ വേണമെങ്കിൽ ആ ക്ലിയറൻസും വാങ്ങിച്ചിട്ട് മാത്രമേ അദ്ദേഹത്തെ കൊണ്ടുവരികയുള്ളൂ. പക്ഷേ അദ്ദേഹം സമ്മതിച്ചിട്ടില്ല. പ്രശസ്തരും പ്രതിഭാശാലികളുമായ ആളുകളും ആരെങ്കിലും ഇവിടെ വരാനൊരുങ്ങുമ്പോൾ അതിനെ തുരങ്കം വയ്ക്കുന്നവർ ഇവിടെയുണ്ട്. കെൽട്രോണിനെപ്പറ്റി എന്നേക്കാൾ അധികം ശ്രീ. നായനാർക്ക് അറിയാമെന്ന് സമ്മതിച്ചുകൊടുക്കാൻ ഞാൻ തയ്യാറല്ല: കെൽട്രോണിലുള്ള ഉദ്യോഗസ്ഥന്മാർ കഴിവുള്ളവരാണെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷേ അവർ മാത്രമേ കഴിവുള്ളവരുള്ളൂ എന്ന് ശ്രീ. നായനാർ പറഞ്ഞാൽ അതിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രിയെന്ന നിലയിൽ അത് അനുവദിച്ചുകൊടുക്കുവാൻ നിർവ്വാഹമില്ല. അതുകൊണ്ട് എനിക്ക് ബഹുമാനപ്പെട്ട നായനാരെപ്പോലെയുള്ള ആളുകളോട് പറയുവാനുള്ളത് ആരെങ്കിലും സ്വാർത്ഥ ഉദ്ദേശം വച്ചുകൊണ്ട്, തൊഴിൽധാർഷ്ട്യം വന്നാൽ ഇതുപോലെ നിയമസഭയിൽ ഉന്നയിക്കുന്നതിനുമുമ്പ് എന്നോട് അന്വേഷിക്കുകയെങ്കിലും ചെയ്യുന്നത് നന്നായിരിക്കും എന്നാണ്. അങ്ങനെ ചെയ്യണമെന്ന് അദ്ദേഹത്തോട് നിർബന്ധിച്ച് പറയുകയല്ല. അവരുടെ ഉദ്ദേശവും സ്വാർത്ഥവും എന്താണെന്നും എനിക്കറിയാം. എനിക്കറിയാം ആരാണ് ഇതൊക്കെ ഇളക്കിവിടുന്നതെന്ന്. ഹസ്സൻ ഇതുവരെ സമ്മതിച്ചിട്ടില്ല. അദ്ദേഹം സമ്മതിക്കുകയാണെങ്കിൽ വേണ്ട ക്ലിയറൻസ് വാങ്ങാം. പ്രതിഭാശാലിയായ ഒരു ശാസ്ത്രജ്ഞൻ, 13 ഇന്റർനാഷണൽ ഇന്നവേഷൻസ് സ്വന്തം പേരിൽ പേറ്റന്റായിട്ട് രജിസ്റ്റർചെയ്ത ഒരാൾ, അദ്ദേഹം ജാവേദ് ഹസ്സനും, ഞാൻ അഹമ്മദും ആയതുകൊണ്ട് അയോഗ്യത ഉണ്ട് എന്നു പറയുന്ന മാന്യ പലരെപ്പോലെയും നായനാർ ആകുകയില്ല എന്ന് എനിക്ക് ഉറച്ച വിശ്വാസമുണ്ട്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ആർക്കും യാതൊരു തെറ്റിദ്ധാരണയും വേണ്ട. ജാവേദ് ഹസ്സൻ സമ്മതിക്കുകയാണെങ്കിൽ അദ്ദേഹത്തെ ഇവിടെ കൊണ്ടുവരുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ആരാണ് നല്ലതെന്ന് ഗവൺമെന്റ് തീരുമാനിക്കും. അല്ലാതെ ഇവിടുത്തെ സെക്യൂരിറ്റിയുടെ പേരായ്മകൊണ്ട് ഒരിക്കലും ഒരാളെ കൊണ്ടുവരുകയല്ല. ഇക്കാര്യത്തിൽ വല്ലവർക്കും സംശയമുണ്ടെങ്കിൽ അത് നീക്കണമെന്നു പറയാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

IV മേശപ്പുറത്തുവച്ച കടലാസുകൾ

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വയ്ക്കുന്നു.

(1) 1985-ലെ ശമ്പളങ്ങളും ബത്തകളും നൽകൽ (ഭേദഗതി) ഓർഡിനൻസ് (1985-ലെ 40-ാം നമ്പർ ഓർഡിനൻസ്).

LIBRARY ARCHIVES Kerala Legislative Assembly